110 എച്ച്.പി.-യുടെ പമ്പ് സ്ഥാപിക്കുന്നതും ഉൾപ്പെടുന്നു. ഒന്നാംമേഖലയുടെ (സോൺ-1) ടെണ്ടർ "deviation approval" സഹിതം പുനഃസമർപ്പിക്കുന്ന നടപടി ചീഫ് എഞ്ചിനീയർ തലത്തിൽ സ്വീകരിച്ചുവരുന്നു. രണ്ടാംമേഖലയുടെ (സോൺ-2)ടെണ്ടറിന് 11-2-2016-ൽ അംഗീകാരം നൽകി. അതനുസരിച്ചുള്ള നടപടിക്രമങ്ങൾ കേരള വാട്ടർ അതോറിറ്റിയിൽ നടത്തിവരുന്നു.

(ബി) റോഡ് കട്ടിംഗിന് അനുവാദം ലഭ്യമാകുന്ന മുറയ്ക്ക് പണികൾ ആരംഭിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയുടെ രണ്ടാം മേഖലയിലെ (സോൺ-2) പ്രവൃത്തിക്കുള്ള സെലക്ഷൻ നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. സെലക്ഷൻ നോട്ടീസ് നൽകിയാൽ, കരാറുകാരൻ 20 ദിവസത്തിനകം കേരള വാട്ടർ അതോറിറ്റിയുമായി ഉടമ്പടിയിൽ ഏർപ്പെട്ട് ഉടൻതന്നെ പ്രവൃത്തി ആരംഭിക്കുന്നതാണ്.

പൈപ്പ് പോളിസി

170 (2450) ശ്രീ. കെ. അച്ചുതൻ:

ശ്രീ. വർക്കല കഹാർ:

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈപ്പ് പോളിസി നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പൈപ്പ് പോളിസി കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും ബുക്ക് രൂപത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റിലും ലഭ്യമാണ്. എല്ലാ എഞ്ചിനീയർമാർക്കും പൈപ്പ് പോളിസിയുടെ നിബന്ധനകൾക്ക് അനുസരിച്ച് പദ്ധതി ആവിഷ്കരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുൻകാലങ്ങളിൽ വൻകിട ശുദ്ധജല വിതരണ പദ്ധതികളിൽ സംഭവിച്ച പൈപ്പ് പൊട്ടലുകൾ വിശകലനം ചെയ്ത് വിവിധ ആവശ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ പൈപ്പുകളുടെ മെറ്റീരിയൽ തെരഞ്ഞെടുക്കുന്നതിൽ ഏകീകരണം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പൈപ്പ് പോളിസി രൂപീകരിച്ചത്. ശുദ്ധജല/സ്വീവറേജ് പദ്ധതികൾക്കായി ഉപയോഗിക്കുന്ന വിവിധതരം പൈപ്പുകളുടെ ഗുണങ്ങളേയും ദോഷങ്ങളേയും പറ്റിയുള്ള വിവരണങ്ങളാണ് പൈപ്പ് പോളിസിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഓരോ സാഹചര്യത്തിനനുസരിച്ചുള്ള ഏറ്റവും യുക്തമായ പൈപ്പ് തെരഞ്ഞെടുക്കുക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് കേരള വാട്ടർ അതോറിറ്റി പൈപ്പ് പോളിസി തയ്യാറാക്കിയിരിക്കുന്നത്.

(സി) പൈപ്പ് പോളിസി കേരള വാട്ടർ അതോറിറ്റി എല്ലാ ഓഫീസുകളിലും ബുക്ക് രൂപത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റിലും ലഭ്യമാണ്. എല്ലാ എഞ്ചിനീയർമാർക്കും പൈപ്പ് പോളിസിയുടെ നിബന്ധനകൾക്ക് അനുസരിച്ച് പദ്ധതി ആവിഷ്കരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

താനൂർ സമഗ്ര കുടിവെള്ള പദ്ധതി

171 (2451) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളെ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന താനൂർ സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിക്കാവശ്യമായ ട്രീറ്റ്മെന്റ് പ്ലാന്റിനുള്ള സ്ഥലവും ടാങ്കിനുള്ള സ്ഥലവും ലഭ്യമായിട്ടും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും കമ്മീഷൻ ചെയ്യാനാകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ താനൂർ നിയോജക മണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള (താനൂർ, താനാളൂർ, നിറമരുതൂർ, ചെറിയമുണ്ടം, പൊൻമുണ്ടം) (ഫേസ്-1) താനൂരിനും സമീപ പഞ്ചായത്തുകൾക്കും

LIBRARY ARCHIVES Kerala Legislative Assembly